വരെ ബാംഗ്ലൂരിൽ ചേർന്ന NCTE-SRC-യുടെ 254-ാമത് മീറ്റിംഗിൽ തീരുമാനമുണ്ടായി. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ശ്രീ. അജിത് ഐസക് ഫയൽ ചെയ്ത WP(c)26542/13 നമ്പർ കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 11-4-2014-ലെ വിധിപ്രകാരം NCTE-യുടെ അംഗീകാരം 2013-14 അദ്ധ്യയന വർഷത്തേക്ക് മാത്രമെ നിലനിൽപ്പുള്ളുവെന്നും 2014-15 മുതൽ കോഴ്സ് നടത്തണമെങ്കിൽ തുടർ അംഗീകാരം നേടേണ്ടതുണ്ടെന്നും പ്രസ്താവിക്കുകയുണ്ടായി. പ്രസ്തുത ഹൈക്കോടതി വിധിന്യായത്തിൽ NCTE കേരള യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന പത്ത് ബി.എഡ്. കോളേജുകളുടെയും അംഗീകാരം പിൻവലിക്കുകയുണ്ടായി. അംഗീകാരം പുനഃസ്ഥാപിക്കുന്നതിന് സർവ്വകലാശാല അധികാരികൾ NCTE മുമ്പാകെ അപ്പീൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപ്പീലിൽ NCTE 24-11-2014-ൽ സർവ്വകലാശാലയുടെ ഭാഗത്തുനിന്നുള്ള വിശദീകരണം കേൾക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തുനിന്നുള്ള സംഘം കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിനായി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായും കേന്ദ്രമന്ത്രിമാരുമായും കൂടിക്കാഴ്ച നടത്തിയ വേളയിൽ കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ പത്ത് സ്ഥാപനങ്ങൾക്കും തുടർ അംഗീകാരം നൽകണമെന്ന വിഷയം വളരെ പ്രാധാന്യത്തോടെ ബഹുമാനപ്പെട്ട കേന്ദ്ര മാനവശേഷി വകുപ്പുമന്ത്രി മുമ്പാകെ അവതരിപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ തീരുമാനങ്ങളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. പ്രസ്തുത കോളേജുകൾക്ക് തുടർ അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ തുടരുകയാണ്.

എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സ് ആരംഭിക്കാനുള്ള അനുമതി

146 (1202) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സ് ആരംഭിക്കാൻ ഇതിനകം ആർക്കെങ്കിലും അനുമതി നല്കിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം എയ്ഡഡ്/സ്വാശ്രയ കോളേജുകൾക്ക് എന്ന് വ്യക്തമാക്കാമോ ;

(ബി) സ്വാശ്രയ കോഴ്സ് ആരംഭിക്കുന്നതിന് ഏതെല്ലാം എയ്ഡഡ് കോളേജുകളാണ് പുതുതായി അപേക്ഷ നല്കിയിട്ടുള്ളത് ; ഏതെല്ലാം സ്വാശ്രയ കോഴ്സ് ആരംഭിക്കാനുള്ള അനുമതിക്കാണ് അപേക്ഷിച്ചിട്ടുള്ളത് ?

ഉത്തരം

(എ) സർവ്വകലാശാല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സ്വാശ്രയ കോഴ്സ് ആരംഭിക്കുന്നതിന് എയ്ഡഡ് കോളേജുകൾ നൽകിയിട്ടുള്ള അപേക്ഷ സർവ്വകലാശാലകൾ പരിശോധിച്ച് വരുന്നതേയുള്ളൂ. സർവ്വകലാശാല ശിപാർശ ചെയ്യുന്ന മുറയ്ക്ക് സർക്കാർ അനുമതി നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly